2005 ജൂലായ് 6-ന് ഉണ്ടായ ഉരുൾപൊട്ടലിലെ നാശനഷ്ടങ്ങൾ

180 [2618] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മരുതോങ്കര പഞ്ചായത്തിൽ 2005 ജൂലൈ 6-ന് ഉണ്ടായ ഉരുൾപൊട്ടലിൽ മൊത്തം എത്ര കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഉരുൾപൊട്ടലിൽ പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്രവീതമെന്ന് അറിയിക്കാമോ;

(സി) എത്ര ഹെക്ടർ കൃഷിഭൂമി നശിച്ചിട്ടുണ്ടെന്നും എത്ര രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും പറയാമോ;

(ഡി) വളർത്തുമൃഗങ്ങൾ ചത്തുപോയതുമൂലം ഉണ്ടായ നഷ്ടം എത്ര;

(ഇ) പ്രസ്തുത പ്രദേശത്തെ എത്ര റോഡുകളും പാലങ്ങളും തകർന്നിട്ടുണ്ടെന്നും എത്ര രൂപയുടെ നഷ്ടം ഇതുവഴി ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ;

(എഫ്) തകർന്നുപോയ റോഡുകളും പാലങ്ങളും പുനഃസ്ഥാപിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ജി) ഉരുൾപൊട്ടൽ മേഖലയിൽ സർക്കാർ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും എത്ര ലക്ഷം രൂപയുടെ നഷ്ട പരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(എച്ച്) നാദാപുരത്തെ മലയോരമേഖലകളിൽ അടിക്കടി ഉരുൾപൊട്ടൽ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) കാവിലുംപാറ, മരുതോങ്കര പഞ്ചായത്തുകളിൽ ഏകദേശം 3 കോടി 95 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) 12 വീടുകൾക്ക് പൂർണ്ണമായും, 47 വീടുകൾക്ക് ഭാഗികമായും നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) 60 ഹെക്ടർ കൃഷിഭൂമി നശിച്ചു. ഏകദേശം 2 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഡി) വളർത്തുമൃഗങ്ങൾ ചത്തതുമൂലം 1,22,100 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മരുതോങ്കര, കാവിലുംപാറ പഞ്ചായത്തുകളിലായി 9 റോഡുകളും 4 പാലങ്ങളും തകർന്നു. റോഡുകൾ തകർന്നതുമൂലം 52 ലക്ഷം രൂപയുടെയും, പാലങ്ങൾ തകർന്നതുമൂലം 29 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്.

(എഫ്) ഇവയുടെ പുനരുദ്ധാരണത്തിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ദുരിതബാധിതരെയും ഭീഷണി നേരിടുന്നവരെയും ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിച്ചു. ഭക്ഷണവും മറ്റ് സൗകര്യങ്ങളും നൽകിവരുന്നുണ്ട്. ക്യാമ്പുകളിൽ മെഡിക്കൽ ടീം സന്ദർശനം നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഇവരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തികളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് അർഹമായ സാമ്പത്തികസഹായം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും ഇത്തരം പ്രദേശങ്ങളെ കാണിക്കുന്ന ജില്ലയുടെ ഭൂപടം നിർമ്മിക്കാനുമുള്ള ഒരു ഗവേഷണപദ്ധതി ഭൗമശാസ്ത്രപഠനകേന്ദ്രം 2003-ൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി 2006-ൽ പൂർത്തിയാകുന്നതോടെ ഉരുൾപൊട്ടൽ സാദ്ധ്യതാ പ്രദേശങ്ങൾ ഈ ഭൂപടത്തിൽനിന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. നാദാപുരം പ്രദേശവും ഈ പഠനത്തിൽ ഉൾപ്പെടുന്നുണ്ട്.

സുനാമി കടൽക്ഷോഭത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

181 [2619] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി കടൽക്ഷോഭത്തെത്തുടർന്ന് ബേപ്പൂരിൽ എന്തെല്ലാം നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ വ്യക്തമാക്കാമോ;

(ബി) ഇവിടത്തെ ദുരിതബാധിതർക്ക് നഷ്ടപരിഹാരമോ മറ്റെന്തെങ്കിലും സഹായമോ നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്;

(സി) കേന്ദ്രസഹായപദ്ധതിയിൽ ബേപ്പൂർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) സുനാമിദുരന്തംമൂലം ബേപ്പൂരിൽ 10 യന്ത്രവൽക്കൃത ബോട്ടുകൾക്ക് 8,09,975 രൂപയുടെ നാശം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly